(എ) തിരുവനന്തപുരം - സിറ്റിയിൽ സർവ്വീസ് നടത്തുന്ന ഓരോ സിറ്റി ഫാസ്റ്റിനും ഓർഡിനറി ബസിനും ഇപ്പോൾ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) മലബാർ മേഖലയിൽ മലപ്പുറം ഡിപ്പോയിലെ ഓർഡിനറി ബസിന്റെ ശരാശരി വരുമാനം ദിവസേന എത്ര രൂപയാണ്;

(സി) തിരുവനന്തപുരം തമ്പാനൂർ ഡിപ്പോയിലെ ഓർഡിനറി ബസിന്റെ ശരാശരി വരുമാനം എത്ര രൂപയാണ്;

(ഡി) സിറ്റി സർവ്വീസിന് വരുമാനം കുറയുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) മലബാർ മേഖലയിലേക്ക് കൂടുതൽ ബസുകൾ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) സിറ്റിയിലെ ഓർഡിനറി സർവ്വീസിന്റെ ശരാശരി വരുമാനം 2327 രൂപയും സിറ്റി ഫാസ്റ്റിന്റേത് 2534 രൂപയുമാണ്.

(ബി) 2992 രൂപ

(സി) തിരു: സെൻട്രൽ ഡിപ്പോയിൽ ഇപ്പോൾ ഓർഡിനറി സർവ്വീസുകൾ ഇല്ല.

(ഡി) 1. ടിക്കറ്റു നിരക്കു കുറവ്

2. ഓടുന്ന ദൂരം കുറവ്

3. ഒരു ദിശയിലേക്കും ഒരുപോലെ യാത്രാബാഹുല്യമില്ല.

(ഇ) മലബാർ മേഖലയിലെ ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം ലഘൂകരിക്കുന്നതിനായി വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടികളെടുക്കുന്നതാണ്.

107 (1556) മലയോര പ്രദേശങ്ങളിലേയ്ക്ക് ബസ് സർവ്വീസ്

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കൻ മലയോര പ്രദേശങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തേയ്ക്ക് ബസുകളോടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയ്ക്ക് മുൻഗണന നൽകിയാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly